**ഉൾകാഴ്ച**

## I. ത്രിയേക ദൈവം സന്തോഷത്തിന്റെ ദൈവമാണ്:

- റോമർ 15:13 പ്രകാരം സന്തോഷം ദൈവത്തിന്റെ സദ്ഗുണങ്ങളിൽ ഒന്നാണ്. ദൈവം ആസ്വാദനത്തിന്റെ ദൈവമാണ്. നമ്മുടെ അനുഭവത്തിൽ, നാം ദൈവത്തെ കൃപയായി ആസ്വദിച്ചാൽ നമുക്ക് സമാധാനമുണ്ടായിരിക്കുകയും, നമുക്ക് സന്തോഷം ഉണ്ടായിരിക്കുകയും ചെയ്യും.

- ക്രിസ്തുവും വിശ്വാസികൾക്ക് സന്തോഷമാണ്. യോഹന്നാൻ 15:11-ന്റെ സന്ദർഭം മുന്തിരിവള്ളിയെയും ശാഖകളെയും കുറിച്ചുള്ള കർത്താവിന്റെ വചനമാണ്. ദിവ്യ മുന്തിരിവള്ളിയുടെ ശാഖകളാകുന്നത് നമുക്ക് സന്തോഷത്തിന്റെ—സന്തോഷകരമായ ജീവിതത്തിന്റെ—കാര്യമാണ്. നമ്മുടെ സന്തോഷം എപ്പോഴും കർത്താവിൽ വസിക്കുന്നതിൽ നിന്നും, അവന്റെ സ്നേഹത്തിൽ വസിക്കുന്നതിൽ നിന്നും വരുന്നു. ഈ സന്തോഷം ക്രിസ്തു തന്നെയാണ്; അവൻ നമ്മിൽ വസിക്കുമ്പോൾ, നമ്മുടെ സന്തോഷം വർധിക്കുകയും പൂർണമായിത്തീരുകയും നമ്മുടെ ദിവസങ്ങൾ സന്തോഷത്തോടെ ജീവിക്കുകയും ചെയ്യേണ്ടതിന് നമ്മുടെ സന്തോഷത്തിന്റെ ഉറവിടമാകുവാൻ അവന്റെ സന്തോഷം നമ്മിൽ വസിക്കുന്നു.

- പരിശുദ്ധാത്മാവിലുള്ള സന്തോഷം നമ്മുടെ ഹൃദയത്തിലുള്ള കർത്താവിന്റെ വചനമെന്ന നിലയിൽ നമുക്ക് അനുഭവമാക്കുവാൻ സാധിക്കും. ത്രിയേക ദൈവം സന്തോഷത്തിന്റെ ദൈവമാണ്, നാം അവനെ ആസ്വദിക്കാനും അവന്റെ ഉദ്ദേശ്യത്തിനായി ജീവിക്കാനും ദൈവം ആഗ്രഹിക്കുന്നു. ദൈവവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ഒരു മധുരകരമായ ചിന്ത, നമ്മുടെ ആസ്വാദനമാകുവാൻ ദൈവം അവനെത്തന്നെ ക്രിസ്തുവിൽ നമുക്കു തന്നിരിക്കുന്നു എന്നാണ്. ഉല്പ. 2:9-ൽ ദൈവം അവനെത്തന്നെ മനുഷ്യന് ഭക്ഷണമായി അവതരിപ്പിക്കുന്നു; നാം അവനെ ആസ്വദിക്കാൻ ദൈവം ആഗ്രഹിക്കുന്നുവെന്ന് ഇത് കാണിക്കുന്നു. ക്രിസ്തീയ ജീവിതത്തിന്റെ രഹസ്യം നാം അവനുവേണ്ടി എത്രമാത്രം പ്രവർത്തിക്കുന്നു എന്നതല്ല, മറിച്ച് നാം അവനെ എത്രമാത്രം ആഗിരണം ചെയ്യുന്നു എന്നും ആസ്വദിക്കുന്നു എന്നുമാണ്..

  [Rom. 15:13] ...ദൈവം, വിശ്വസിക്കുന്നതിലുള്ള സകല ആനന്ദത്താലും സമാധാനത്താലും നിങ്ങളെ നിറയ്ക്കട്ടെ
  [John 15:10] ഞാൻ എന്റെ പിതാവിന്റെ കൽപനകൾ പാലിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ, നിങ്ങൾ എന്റെ കൽപനകൾ പാലിച്ചാൽ, എന്റെ സ്നേഹത്തിൽ വസിക്കും.
  [John 15:11] എന്റെ സന്തോഷം നിങ്ങളിൽ ഇരിക്കേണ്ടതിനും നിങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിനും ഞാൻ ഈ കാര്യങ്ങൾ നിങ്ങളോട് സംസാരിച്ചിരിക്കുന്നു.
  [Rom. 14:17] എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ..
  [Gal. 5:22] എന്നാൽ ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം,...
  [Jer. 15:16] ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന്നു ആനന്ദവും ആയി...

അനുഭവം

## II. ത്രിയേക ദൈവത്തിന്റെ സന്തോഷം നമ്മുടെ സന്തോഷമായിത്തീരുന്നു

- ക്രിസ്തു അവന്റെ വ്യക്തിയിൽ നമ്മുടെ സന്തോഷമാണ്. നാം കർത്താവിൽ വസിക്കുകയും അവന്റെ സ്നേഹത്തിൽ വസിച്ചുകൊണ്ട് അവനിൽ വസിക്കുന്നത് തുടരുകയും ചെയ്താൽ, നാം സന്തോഷത്താൽ നിറയും. നാം വിശ്വസ്തരും സാധാരണക്കാരും ശരിയായവരുമായ ക്രിസ്ത്യാനികൾ ആയിരിക്കുന്നതിന്, നാം ശ്രദ്ധിക്കേണ്ട പ്രാഥമിക കാര്യം കർത്താവിനെ ആസ്വദിക്കുക എന്നതാണ്; ഇത് നമുക്ക് ഒരു ദർശനമായിരിക്കണം. കർത്താവിനെ ആസ്വദിക്കുന്നതിൽ നമ്മുടെ ആത്മാവ് നേതൃത്വം എടുക്കേണ്ടതുണ്ട്. നമ്മുടെ ആത്മാവിനെ നേരിട്ട് ഉപയോഗിക്കാനും ദേഹിയെ ആത്മാവിന്റെ അനുയായിയാക്കുവാനും നാം പഠിക്കണം. ഒരുമിച്ച് പിതാവിനെ ആസ്വദിച്ചുകൊണ്ട്, പിതാവിന്റെ ജീവനാൽ നാം പിതാവിന്റെ നാമത്തിൽ ഒന്നായിരിക്കുമ്പോൾ, കർത്താവിന്റെ സന്തോഷം നമ്മിൽ പൂർണമാക്കപ്പെടും.

- ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യമായ സഭയിൽ, നാം ക്രിസ്തുവിനെ അവന്റെ സർവാത്മകതയിൽ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു. ക്രിസ്തു നമുക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരി, നമ്മുടെ നല്ല ദേശം—നമ്മുടെ ആസ്വാദനത്തിനുള്ള ദിവ്യ അവകാശമാണ്. ക്രിസ്തു പ്രപഞ്ചത്തിലെ എല്ലാ അനുലോമ കാര്യങ്ങളുടെയും യാഥാർഥ്യമാണ്. ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നവനാണ്. ക്രിസ്തു നമ്മുടെ മഹത്വത്തിന്റെ പ്രത്യാശയായി നമ്മിൽ വസിക്കുന്നു. ക്രിസ്തു നമ്മുടെ ജീവനാണ്. ക്രിസ്തു ഏക പുതുമനുഷ്യന്റെ ഘടകാംശമാണ്.

- 1 പത്രൊസ് 1:8 അനുസരിച്ച്, കർത്താവിൽ വിശ്വസിക്കുകയും അവനെ സ്നേഹിക്കുകയും ചെയ്യുന്നതിലൂടെ നാം "അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു" നമുക്ക് വലിയ സന്തോഷം ലഭിക്കുന്നു. ഈ ആനന്ദം തേജസ്സ് എന്ന നിലയിൽ കർത്താവിൽ നിമഗ്നമാണ്; തന്മൂലം, അത് കർത്താവിന്റെ ആവിഷ്കാരത്താൽ നിറഞ്ഞതാണ്.

- കർത്താവിനെ ആസ്വദിക്കുന്നതിന് നിരവധി വശങ്ങളുണ്ട്—കർത്താവിന്റെ സാന്നിധ്യത്തിന്റെ സന്തോഷം, ദിവ്യപ്രണയത്തിൽ ജീവിക്കുന്നതിന്റെ സന്തോഷം, ദിവ്യത്രിത്വത്തിന്റെ ദിവ്യപകർച്ചയുടെ സന്തോഷം, ദൈവത്തിന്റെ ആനന്ദനദിയിൽനിന്നും കുടിക്കുന്നതിന്റെ സന്തോഷം, ദൈവസ്നേഹത്തെ അറിയുന്നതിന്റെ സന്തോഷം, ദൈവഹിതം ചെയ്യുന്നതിലെ സന്തോഷം, എല്ലാ പരിതസ്ഥിതികളിലുമുള്ള സംതൃപ്തിയുടെ സന്തോഷം, രാജ്യത്തിൽ കർത്താവിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുന്നതിന്റെ സന്തോഷം.

- ഒരു ക്രിസ്ത്യാനി സന്തോഷവാനായ—ആത്മാവിൽ സന്തോഷമുള്ളവനായ—വ്യക്തിയായിരിക്കണം. നാം കർത്താവിൽ വസിക്കുമ്പോൾ, നമുക്ക് എന്ത് പ്രശ്നമുണ്ടായാലും, നാം സന്തോഷിക്കുന്നു, ഏത് ബുദ്ധിമുട്ടും കർത്താവിലുള്ള നമ്മുടെ സന്തോഷത്തെ ആഴമുള്ളതാക്കുന്നു. ബാഹ്യമായ പരിതസ്ഥിതിയിൽ നമ്മെ സന്തോഷിപ്പിക്കാൻ ഒന്നുമില്ലായിരിക്കാം, എന്നാൽ നമ്മിൽ വസിക്കുന്ന കർത്താവാണ് നമ്മുടെ സന്തോഷം. അവനിൽ ആയിരിക്കുമ്പോൾ കർത്താവ് നമ്മുടെ സന്തോഷമാണ്. പരിശുദ്ധാത്മാവ് സന്തോഷത്തിന്റെ ആത്മാവാണ്. നാം സന്തോഷവാനാണെങ്കിൽ, നമ്മിലുള്ള പരിശുദ്ധാത്മാവും സന്തോഷവാനാണെന്ന് ഇത് സൂചിപ്പിക്കുന്നു. [John 6:57] ..എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും. [Heb. 4:12] എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു. [Luke 1:46-47] മറിയ പറഞ്ഞു, എന്റെ ദേഹി കർത്താവിനെ മഹിമപ്പെടുത്തുന്നു, എന്റെ ആത്മാവ് എന്റെ രക്ഷകനായ ദൈവത്തിൽ ഉല്ലസിച്ചിരിക്കുന്നു; [Col. 3:11] ...ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു. [1 Pet. 1:8] അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,. [S.S. 1:2] അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു. [Eph. 3:17] അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും,... [Matt. 25:21] അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു. [Phil. 4:11] ബുദ്ധിമുട്ട് നിമിത്തം ഞാൻ സംസാരിക്കുന്നതല്ല, ഞാൻ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു..